കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുട്ടാർ ഗ്രാമപഞ്ചായത്ത് - ലോക ബാങ്ക് സഹായം ലഭിച്ച 'റോഡ് വികസനവും പാലം നിർമ്മാണവും - ശ്മശാനം റോഡ്' - എന്ന പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണം - മുളവനക്കരി-ചൂതനടി മോട്ടോർ തറയോട് ചേർന്ന് നിലവിലുള്ള കലുങ്ക് പൊളിച്ചു മാറ്റുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 3193 /2017/തസ്വഭവ തിരുവനന്തപുരം, തീയതി, 03.10.2017

വായന :-

1. മുട്ടാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.03.2017, 29/08/2017 തീയതികളിലെ എം 1- 123/1 നമ്പർ കത്തുകൾ
2. മുട്ടാർ ഗ്രാമപഞ്ചായത്ത് തദ്ദേശസ്വയംഭരണ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ 19/8/2017 ലെ കത്ത്
3. പഞ്ചായത്ത് ഡയറക്ടറുടെ 29/08/2017 ലെ ജെ6-22042/17 നമ്പർ കത്ത്
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വിഭാഗം, ആലപ്പുഴയുടെ 14/09/2017 ലെ ഡി3-2123/17 നമ്പർ കത്ത്

## ഉത്തരവ്

ആലപ്പുഴ ജില്ലയിൽ മുട്ടാർ ഗ്രാമപഞ്ചായത്തിൽ ലോകബാങ്ക് അധികധന സഹായമായി ലഭിച്ച 2 കോടി രൂപയിൽ 1,40,00,000/- രൂപ ഉപയോഗിച്ച് നടപ്പിലാക്കുന്ന 'റോഡ് വികസനവും പാലം നിർമ്മാണവും - ശ്മശാനം റോഡ്' എന്ന പദ്ധതിപ്രകാരം നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡിൽ നിൽക്കുന്ന മുളവനക്കരി-ചൂതനടി മോട്ടോർ തറയോട് ചേർന്ന കലുങ്ക് പൊളിച്ചുമാറ്റിയാൽ മാത്രമേ പുതുതായി നിർമ്മിക്കുന്ന റോഡിന് പ്രയോജനമുണ്ടാകുവെന്നും ആയതിനാൽ പ്രസ്തുത കലുങ്ക് പൊളിച്ചുമാറ്റുന്നതിന് അനുമതി നല്കണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി. ടി കലുങ്കിന് 3 മീറ്റർ വീതിയാണ് ഉള്ളതെന്നും മേൽപ്പറഞ്ഞ പദ്ധതിപ്രകാരം വിഭാവനം ചെയ്തിരിക്കുന്ന റോഡിന് 5 മീറ്റർ വീതിയാണ് ഉള്ളതെന്നും ആയതിനാൽ വാഹനങ്ങൾ കടന്നുപോകത്തക്ക രീതിയിൽ 5 മീറ്റർ വീതിയിൽ തന്നെ കലുങ്ക് നിർമ്മിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതി കൊണ്ട് പ്രയോജനമുണ്ടാകുകയുള്ളുവെന്നും ഈ സാഹചര്യത്തിൽ നിലവിലുള്ള കലുങ്ക് പൊളിച്ചു മാറ്റാവുന്നതാണെന്നും നാലാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശസ്വയംഭരണ ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ മുട്ടാർ ഗ്രാമപഞ്ചായത്തിൽ ലോകബാങ്ക് അധികധന സഹായമായി ലഭിച്ച 'റോഡ് വികസനവും പാലം നിർമ്മാണവും - ശ്മശാനം റോഡ്' എന്ന പദ്ധതി പ്രകാരം നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡിൽ നിൽക്കുന്ന മുളവനക്കരി-ചൂതനടി മോട്ടോർ തറയോട് ചേർന്ന 3 മീറ്റർ വീതിയുള്ള കലുങ്ക് പൊളിച്ചു മാറ്റുന്നതിന് താഴെപറയുന്ന വ്യവസ്ഥകളോടെ മുട്ടാർ ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

1. പ്രസ്തുത പ്രവൃത്തിക്കു വേണ്ടി വരുന്ന അധിക ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതാണ്.
2. പ്രസ്തുത പ്രവൃത്തി മൂലം ടി പ്രദേശത്തെ നെൽകൃഷിയ്ക്ക് യാതൊരു തടസ്സവും വരുത്തുവാൻ പാടില്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ
സെക്രട്ടറി/പ്രസിഡന്റ്, മുട്ടാർ ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ